KERALA CATHOLIC BISHOPS' COUNCIL'S

COMMISSION FOR SOCIAL HARMONY AND VIGILANCE



# JAGRATHA NEWS

224th Issue, Volume No.6 25th May 2012

## ജാഗ്രത

### പ്രധാന വാർത്തകൾ


അഴിമതി നിർമ്മാജ്ജിത സമൂഹം.
റവ.ഡോ.സ്റ്റീഫൻ ആലത്തറ
കുട്ടികളിലെ കുറ്റവാസനകൾ.
കുട്ടികൾക്കിടയിൽ എഴ് കൊല്ലത്തിനകം എയ്ഡ്സ് മരണം 47.
കൊല്ലുന്ന മായം ശ്രദ്ധവേണം.
കരളുരുകുന്ന കേരളം.
കേരളം ഭീകരന്മാരുടെ സ്വന്തംനാട്: പൊലീസിൽ ഭീകരവിളയാട്ടം.
കൂടെ കൊണ്ടുപോകാൻ കഴിയുന്നത്........
വ്യാജമരുന്നുകളുടെ വിതരണം പൊടി പൊടിക്കുന്നു.
അധികയോഗ്യതയും അയോഗ്യതയുമാകുന്ന മതം.
രൂപയ്ക്ക് വില ഇടിയുന്നു; രൂപ കൊടുത്തു വാങ്ങേണ്ടതിനെല്ലാം വില കയറും.
അടിമവേല ചെയ്യുന്ന 400 മില്ല്യൺ കുഞ്ഞുങ്ങൾ.
ദാരിദ്ര്യത്തിന്റെ കാരണം സ്വാർത്ഥത: മാർപാപ്പ.
മരിച്ച ആൾ എഴുന്നേറ്റു, മരണവീട്ടിൽ ഉത്സവം.
211 പൊലീസ് ഓഫീസർമാർക്ക് ക്വട്ടേഷൻ-മാഫിയ ബന്ധം
ഇവർ വിവാഹിതരായാൽ..........ഈ വർഷം നാലു മാസത്തിനുള്ളിൽ ഇടുക്കി വിവാഹമോചനം തേടിയവരുടെ എണ്ണം ഇരുനൂറ് കവിഞ്ഞു.
നികുതി വെട്ടിപ്പ്.
ജില്ലയിൽ അനധികൃത റെന്റ് എ കാറുകൾ വ്യാപകം.
മാധ്യമ വിചാരം.
ശ്രീ. സാബു ജോസ്.


Chairman
Bp. Mar Thomas Chakiath

Vice Chairmen
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

Secretary
Fr. Josey Ponnambel MSFS

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

kcbcshvjjj@gmail.com

# അഴിമതി നിർമ്മാർജ്ജിത സമൂഹം

**കെസിബിസി നൂതന പഠനരേഖ**

(കഴിഞ്ഞലക്കം തുടർച്ച.............)

**ചില മാർഗനിർദ്ദേശങ്ങൾ**

19. അഴിമതി ഇത്ര വ്യാപകമായ സാഹചര്യത്തിൽ നാം ചെയ്യേണ്ട ചില സുപ്രധാന കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ആദ്യമായി, വ്യക്തികളും സഭാസമൂഹങ്ങളും ഗൗരവപൂർണമായ ആത്മശോധനയ്ക്കു തയ്യാറാകട്ടെ. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയിരിക്കേണ്ടവരാണ് നാം. ഈ ദൗത്യനിർവ്വഹണത്തിൽ നമുക്കുണ്ടാകുന്ന കുറവുകൾ പരിഹരിക്കണം. കൈക്കൂലിയും ശിപാർശയും കൂടാതെ കാര്യങ്ങൾ നടത്തുക വളരെ ദുഷ്കരമാണെങ്കിലും ലോകത്തിന്റെ മുമ്പിൽ മാതൃകയാകേണ്ടവരായ നാം ഒരു തരത്തിലും അഴിമതി ചെയ്യില്ലെന്നും അതിനു കൂട്ടുനില്ക്കില്ലെന്നും തീരുമാനിക്കണം. നമ്മുടെ സ്ഥാപനങ്ങളിൽ സാമൂഹികനീതിക്കു വിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നുവെന്ന സംശയത്തിനുപോലും അവസരമുണ്ടാകരുത്. നീതി നിർവഹിച്ചാൽപ്പോരാ, നീതി നിർവഹിക്കപ്പെടുന്നുവെന്നു മനുഷ്യരെ ബോധ്യപ്പെടുത്തുകയും വേണം. നിയമനത്തിലും പ്രവേശനത്തിലും മറ്റും നീതിക്കു നിരക്കുന്നതും ദുർബലവിഭാഗങ്ങൾക്കു പ്രത്യേക പരിഗണന നല്കുന്നതുമായ മാനദണ്ഡങ്ങൾക്കു രൂപം കൊടുക്കുക അനിവാര്യമാണ്. ഇതുമൂലം ഉണ്ടാകുന്ന അസൗകര്യങ്ങൾ എത്ര വലുതാണെങ്കിലും സത്യവും നീതിയും ഉറപ്പുവരുത്തുന്നതിന് നാം കൊടുക്കേണ്ട വിലയായി അതിനെ കണക്കാക്കണം. സത്യത്തിനും നീതിക്കുംവേണ്ടി നില്ക്കുന്നവർക്കു പീഡനവും ഒറ്റപ്പെടുത്തലും ഏറ്റുവാങ്ങേണ്ടിവരും. "എന്റെ നാമം മൂലം നിങ്ങൾ സർവ്വരാലും ദ്വേഷിക്കപ്പെടും. അവസാനം വരെ സഹിച്ചു നില്ക്കുന്നവൻ രക്ഷപ്പെടും" (മത്താ 10:22) എന്ന യേശുവിന്റെ വാക്കുകൾ നമുക്കു പ്രചോദനമാകട്ടെ.

20. സമൂഹത്തിൽ അപ്പോഴപ്പോൾ പ്രത്യക്ഷപ്പെടുന്ന അഴിമതിക്കും അധാർമ്മിക പ്രവണതകൾക്കുമെതിരേ ശക്തമായ നിലപാട് എടുക്കുന്നത് ദൈവരാജ്യസൃഷ്ടിയുടെ ഭാഗമായി പരിഗണിക്കാനും അതിനുവേണ്ടി എന്തു ത്യാഗമനുഷ്ഠിക്കാനും നാം തയ്യാറാകണം. നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും ദൈവത്തിന് യഥാർത്ഥമായ ആരാധന അർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു *(cf. Sacramentum Caritatis, 71).* അഴിമതിയും നിരുത്തരവാദിത്വവും ആരുടെ ഭാഗത്തുനിന്നായാലും അവ വെളിച്ചത്തുകൊണ്ടുവരുകയും അവയ്ക്കെതിരേ ന്യായമായ രീതിയിൽ പ്രതികരിക്കുകയും വേണം. ഇതിനു പ്രാദേശിക-സംസ്ഥാനതലങ്ങളിൽ സഭാസമൂഹങ്ങൾ സംഘടിതശ്രമങ്ങൾ നടത്തേണ്ടതുണ്ട്. നിതാന്തജാഗ്രത പുലർത്തുന്ന ജനതയ്ക്കു മാത്രമേ നീതിനിഷ്ഠരായ ഭരണകർത്താക്കളെ ലഭിക്കൂ.

21. വൈദികരും ദൈവസേവനത്തിനായി പ്രത്യേകം സമർപ്പിക്കപ്പെട്ടവരും നീതിയുടെ പ്രബോധകരാകാനും സംശുദ്ധമായ സമൂഹജീവിതത്തിനു നേതൃത്വം നല്കാനും കടപ്പെട്ടിരിക്കുന്നു. നിർമ്മലവും മലിനവും തമ്മിലുള്ള വ്യത്യാസം അവർ പഠിപ്പിച്ചില്ല (എസെ 44:23) എന്നു ദൈവത്തിന്റെ അഭിഷിക്തരെക്കുറിച്ച് പരിഭവിക്കാൻ ഇടയാകാതിരിക്കട്ടെ. പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ ഏവർക്കും സാധിക്കണം *(cf. YOUCAT 328).*

22. സാമൂഹികജീവിതത്തിൽ മനസ്സാക്ഷിയുടെ ശബ്ദമാകാൻ പത്രമാധ്യമങ്ങൾക്കു കഴിയണം. അഴിമതികൾ അനാവരണം ചെയ്യാനും ശക്തരുടെ അധികാരദുർവിനിയോഗങ്ങളിൽ നിശ്ശബ്ദരാക്കപ്പെടുന്ന പാവപ്പെട്ടവരുടെ ശബ്ദമാകാനും ആ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ എപ്പോഴും ശ്രദ്ധിക്കട്ടെ. സത്യത്തെ സേവിക്കുന്നവർ ദൈവസേവകരാണ്-കാരണം സത്യം ദൈവീകമാണ് *(cf. YOUCAT 32).*

23. അഴിമതിക്കും ചൂഷണത്തിനും ഇരയാകുന്നവർക്കു നിയമപരമായ സഹായം ചെയ്തുകൊടുക്കുന്ന സംഘടനകളുമായി സഹകരിക്കുകയും വേണ്ടി വന്നാൽ പുതിയവയ്ക്കു രൂപം നല്കുകയും വേണം. ഈ രംഗത്ത് അഭിഭാഷകർ, സാമൂഹികനേതാക്കൾ തുടങ്ങിയവർക്ക് കാര്യമായ സംഭാവനകൾ അർപ്പിക്കാൻ കഴിയും.

24. ഉപഭോക്തൃസംരക്ഷണ സമിതികൾ വഴി അഴിമതിയും ചൂഷണവും കുറെയൊക്കെ നിയന്ത്രിക്കാം. ഈ രംഗത്തു പ്രവർത്തിക്കാൻ കഴിവുള്ളവർ അർപ്പണമനോഭാവത്തോടെ അതിനു തയ്യാറാകട്ടെ.

25. ജനപ്രതിനിധികൾ നീതിപൂർവകമായ നിയമങ്ങൾ നിർമ്മിക്കണം. അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഭരണകർത്താക്കൾ ഉറപ്പുവരുത്തണം. അവ ലംഘിക്കുന്നവരെ നീതിപാലകർ ശിക്ഷിക്കുകയും വേണം. ഈ മേഖലകളിലെ പരിപൂർണമായ വിശ്വാസ്യത നീതിബോധത്തെ വളർത്തും.

26. ആദർശനിഷ്ഠയും ധാർമ്മികാവബോധവും ഇളംതലമുറയിൽ വളർത്തുകയാണ് അഴിമതിരഹിത സമൂഹം സൃഷ്ടിക്കുന്നതിന്റെ ആദ്യപടി. അതുകൊണ്ടുതന്നെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ നാം കൂടുതൽ ശ്രദ്ധിക്കണം.

27. അഴിമതിക്കു കൂട്ടുനില്ക്കാത്തതിന്റെ പേരിൽ സഹപ്രവർത്തകരിൽ നിന്നും മേലുദ്യോഗസ്ഥരിൽ നിന്നും പീഡനങ്ങൾ ഏല്ക്കേണ്ടിവരുന്നവർക്ക് സംരക്ഷണവും പ്രോത്സാഹനവും നല്കണം. ഒപ്പം, അഴിമതിക്കാരായ രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും കുറ്റപ്പെടുത്തുകയും വേണം.

**ഉപസംഹാരം**

28. സമൂഹത്തിന്റെ മനസ്സാക്ഷിയായിരിക്കാൻ വിളിക്കപ്പെട്ട ക്രൈസ്തവ സഭകൾ നേരിടുന്ന വലിയ വെല്ലുവിളിയാണ് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അഴിമതി. സാന്മാർഗികവും ആത്മീയവുമായ മൂല്യങ്ങൾ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രഥമമായും നാം ഇതിനെ നേരിടേണ്ടത്. നമ്മുടെ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും എന്നല്ല, ഓരോ ക്രൈസ്തവനും ഈ രംഗത്തു കാര്യമായ സംഭാവനകൾ അർപ്പിക്കാനാവും. "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ. 12:2) എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം നമുക്ക് പ്രചോദനമാകട്ടെ. യുഗാന്ത്യത്തിൽ രൂപപ്പെടാനിരിക്കുന്ന ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമാണ് സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ സമൂഹം *(cf. YOUCAT 324).* പാപത്തെയും പാപഫലമായ മരണത്തെയും പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റ രക്ഷകനിലുള്ള വിശ്വാസം നീതിനിഷ്ഠമായ സമൂഹത്തിന്റെ നിർമ്മിതിക്ക് വേണ്ട ശക്തി നമുക്കു നല്കട്ടെ.

(അവസാനിച്ചു)

**റവ.ഡോ.സ്റ്റീഫൻ ആലത്തറ**

## കുട്ടികളിലെ കുറ്റവാസനകൾ

ഏതൊരു സ്കൂളിലും പ്രശ്നക്കാരായ ചില കുട്ടികളുണ്ടാകും. മറ്റു കുട്ടികളെ ഉപദ്രവിക്കുക, അവരുടെ വസ്തുക്കൾ മോഷ്ടിക്കുക നിരന്തരം കളവ് പറയുക തുടങ്ങിയ ശീലമുള്ള ഇവർ അധ്യാപകർക്ക് തലവേദനയാകാറുണ്ട്. വീട്ടിലാകട്ടെ മാതാപിതാക്കളെ ധിക്കരിക്കുക, പണം മോഷ്ടിക്കുക, അക്രമസ്വഭാവം പ്രദർശിപ്പിക്കുക തുടങ്ങിയ ശീലങ്ങളും ഇവർക്കുണ്ടാകും. മറ്റു കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത ചില കുട്ടിക്കുറ്റവാളികളെ കുറിച്ചുള്ള വാർത്തകൾ അടുത്തകാലത്ത് പത്രങ്ങളിൽ വന്നിരുന്നു. 16 വയസ്സിൽ താഴെയുള്ള കുട്ടികളിൽ ക്രിമിനൽ വാസനകൾ കൂടിവരുന്നതായി ചില സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നു.

### കൺഡക്ട് ഡിസോഡർ

സമൂഹത്തിലെ അഞ്ച് ശതമാനത്തോളം കുട്ടികൾക്ക് സാരമായ പെരുമാറ്റ വൈകല്യങ്ങളുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത വിധമുള്ള സ്വഭാവദൂഷ്യങ്ങൾ നിരന്തരം പ്രദർശിപ്പിക്കുന്ന കുട്ടികൾക്ക് കൺഡക്ട് ഡിസോഡർ എന്ന രോഗമുണ്ടെന്ന് സംശയിക്കണം. ഒരു വർഷമായി താഴെ പറയുന്ന ലക്ഷണങ്ങളിൽ മൂന്നെണ്ണമെങ്കിലും പ്രദർശിപ്പിക്കുന്ന കുട്ടികൾക്ക് കൺഡക്ട് ഡിസോഡർ ഉണ്ടെന്ന് കരുതാം.

മറ്റുള്ളവരുമായി നിരന്തരം വഴക്കിടുക. സംഘട്ടനങ്ങൾക്ക് തുടക്കമിടുക. മറ്റു കുട്ടികളെ സ്ഥിരമായി ശല്യപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുക. കല്ല്, മൂർച്ചയുള്ള ആയുധങ്ങൾ എന്നിവയുപയോഗിച്ച് മറ്റുള്ളവരെ ഉപദ്രവിക്കുക. മൃഗങ്ങളെ നിരന്തരം ഉപദ്രവിക്കുക, മോഷണം, പിടിച്ചുപറി തുടങ്ങിയ ശീലങ്ങൾ. മറ്റു കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുക, മറ്റുള്ളവരുടെ വസ്തുക്കൾ നശിപ്പിക്കുക, നിരന്തരമായും അനാവശ്യമായും കളവുപറയുക, ചെറുപ്രായത്തിൽത്തന്നെ വീടുവിട്ടിറങ്ങിപ്പോവുക, ക്ലാസിൽ കയറാതെ കൂട്ടുകാരുമായി സംഘംചേർന്ന് കറങ്ങി നടക്കുക. രാത്രിയിൽ വീട്ടിൽ വരാതെ കൂട്ടുകാരോടൊപ്പം പോകുക.

മേല്പ്പറഞ്ഞ പ്രശ്നങ്ങളെത്തുടർന്ന് കുട്ടിയുടെ വിദ്യാഭ്യാസവും സാമൂഹികജീവിതവും സാരമായ പ്രശ്നങ്ങളെ നേരിട്ടെന്നിരിക്കാം. നല്ലൊരു ശതമാനം കുട്ടികളിലും പത്ത് വയസ്സിന് മുമ്പുതന്നെ ഈ ലക്ഷണങ്ങൾ കണ്ടുതുടങ്ങാറുണ്ടെങ്കിലും ചിലരിൽ കൗമാരപ്രായത്തിലായിരിക്കും ഇവ പ്രത്യക്ഷപ്പെടുക. ചില കുട്ടികളിൽ കൺഡക്ട് ഡിസോഡറിന്റെ ലക്ഷണങ്ങളോടൊപ്പം ശ്രദ്ധക്കുറവിന്റെയും അമിതവികൃതിയുടെയും ലക്ഷണങ്ങളും കണ്ടെന്നുവരും ഈ അവസ്ഥയ്ക്ക് ഹൈപ്പർ കൈനറ്റിക് കൺഡക്ട് ഡിസോഡർ എന്നുപറയും.

### കാരണങ്ങൾ

പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളിൽ മൂന്നിരട്ടി കൂടുതലായി ഈയവസ്ഥ കാണപ്പെടാറുണ്ട്. കൺഡക്ട് ഡിസോഡർ ഉള്ള കുട്ടികളുടെ മസ്തിഷ്കത്തിലെ സിറട്ടോണിൻ എന്ന രാസവസ്തുവിന്റെ അളവ് സാധാരണയിലും കുറവാണെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. തലച്ചോറിന്റെ മുൻഭാഗത്തുള്ള ഫ്രോണ്ടൽ ഖണ്ഡത്തിന്റെയും പാർശ്വഭാഗങ്ങളിലുള്ള ടെമ്പറൽ ഖണ്ഡങ്ങളുടെയും പ്രവർത്തനങ്ങളിലും ചില വ്യതിയാനങ്ങളുണ്ട്. ഇതുമൂലം ആത്മനിയന്ത്രണം, ലക്ഷ്യബോധം, ആസൂത്രണം, സാമൂഹിക അവബോധം തുടങ്ങിയ ഗുണങ്ങൾ കൺഡക്ട് ഡിസോഡർ ഉള്ളവരിൽ കുറവാണ്. ബുദ്ധിക്കുറവ്, തലച്ചോറിനേൽക്കുന്ന പരുക്കുകൾ എന്നിവയും കൺഡക്ട് ഡിസോഡറിനു വഴിവെക്കാം. നിരന്തര മദ്യപാനവും സാമൂഹികവിരുദ്ധ സ്വഭാവങ്ങളുള്ള അച്ഛന്മാരുടെ കുട്ടികളിൽ ഡിസോഡർ താരതമ്യേന കൂടുതലായി കണ്ടുവരുന്നുണ്ട്. ബാല്യകാലത്ത് അനുഭവിക്കേണ്ടിവരുന്ന ശാരീരികവും ലൈംഗികവുമായ പീഡനങ്ങൾ, മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേട്, ദാരിദ്ര്യം, ക്രിമിനൽ പശ്ചാത്തലമുള്ള കുടുംബം, ചെറുപ്രായത്തിൽത്തന്നെ അച്ഛനെയോ അമ്മയെയോ നഷ്ടപ്പെടുക, കടുത്ത ശിക്ഷകൾ മാത്രം നൽകുന്ന രക്ഷിതാക്കൾ, കുട്ടിക്കാലത്ത് സ്നേഹവും സുരക്ഷിതത്വവും ലഭിക്കാതെ വരിക തുടങ്ങിയവയൊക്കെ കുട്ടികളിൽ കൺഡക്ട് ഡിസോഡർ ഉണ്ടാകാൻ കാരണമാകാറുണ്ട്.

### പരിഹാരം

എത്രയും നേരത്തേ രോഗനിർണയം നടത്തി ചികിത്സിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. ഒരു ശിശുരോഗ വിദഗ്ധന്റെയോ മനോരോഗ വിദഗ്ധന്റെയോ പരിശോധനയിലൂടെ രോഗനിർണയം നടത്താവുന്നതാണ്. കൺഡക്ട് ഡിസോഡറിനൊപ്പം അനുബന്ധമായി കാണപ്പെടുന്ന പഠനവൈകല്യങ്ങൾ, ശ്രദ്ധക്കുറവ്, ബുദ്ധിമാന്ദ്യം എന്നിവയും പരിശോധനയിലൂടെ കണ്ടെത്താം.

## കുട്ടികൾക്കിടയിൽ ഏഴ് കൊല്ലത്തിനകം എയ്ഡ്സ് മരണം 47.

സംസ്ഥാനത്ത് ഏഴ് വർഷത്തിനകം എയ്ഡ്സ് മൂലം 47 കുട്ടികൾ മരിച്ചു. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ് ആശങ്കപ്പെടുത്തുന്ന ഈ വിവരം നൽകുന്നത്. 2005 മുതൽ 2012 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് എയ്ഡ്സ് ബാധിച്ച കുട്ടികളുടെ എണ്ണം 320 ആണ്. കുട്ടികൾക്കിടയിൽ എച്ച്.ഐ.വി. പോസിറ്റീവ് ആയവരുടെ എണ്ണം 899 ആണെന്നും സൊസൈറ്റി വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ പറയുന്നു.

സംസ്ഥാനത്ത് ഏഴ് കൊല്ലത്തിനകം എയ്ഡ്സ് മൂലം മരിച്ചത് 1517 പേരാണ്. ഇതിൽ 1091 പേർ (72%) പുരുഷന്മാരും 379 പേർ (25%) സ്ത്രീകളുമാണ്. എയ്ഡ്സ് മരണത്തിന്റെ മൂന്നുശതമാനം കുട്ടികളാണെന്നതാണ് ഞെട്ടിപ്പിക്കുന്നത്. അമ്മയിൽ നിന്ന് പകർന്നു കിട്ടി എച്ച്.ഐ.വി. പോസിറ്റീവ് ആയ കുട്ടികളുടെ എണ്ണം 2011-ലെ കണക്കനുസരിച്ച് 61 ആണെന്നും സൊസൈറ്റി പറയുന്നു.

തിരുവനന്തപുരത്തും തൃശ്ശൂരും 12 കുഞ്ഞുങ്ങളെ ഇത്തരത്തിൽ എച്ച.ഐ.വി. പോസിറ്റീവായി കണ്ടെത്തി. കോഴിക്കോട്ട് 10-ഉം, പാലക്കാട്ട് 6-ഉം കുഞ്ഞുങ്ങൾ എച്ച്.ഐ.വി. പോസിറ്റീവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ആകെ എയ്ഡ്സ് ബാധിതരായവരിൽ കുട്ടികളുടെ എണ്ണം അഞ്ച് ശതമാനത്തോളം വരും. 2005-2012 കാലയളവിൽ എയ്ഡ്സ് ബാധിച്ചതായി കണ്ടെത്തിയ 6374 പേരിൽ 320 പേരും കുട്ടികളാണ്. പുരുഷന്മാരുടെ എണ്ണം 3700-ഉം (58%), സ്ത്രീകളുടെ എണ്ണം 2354-ഉം (36%) ആണ്.

പുരുഷന്മാരിൽ എച്ച്.ഐ.വി. വൈറസ് ബാധയ്ക്ക് ഒരു പ്രധാന കാരണം മയക്കുമരുന്ന് ഉപയോഗമാണ്. മയക്കുമരുന്ന് കുത്തിവയ്ക്കുന്നവരിൽ 5.34 ശതമാനവും എച്ച.ഐ.വി. പോസിറ്റീവാണ്. സ്ത്രീ ലൈംഗികത്തൊഴിലാളി കളിലാകട്ടെ 0.4 ശതമാനം പേരെയാണ് എച്ച്.ഐ.വി. പോസിറ്റീവായി കണ്ടെത്തിയിട്ടുള്ളത്. സ്ത്രീ ലൈംഗികത്തൊഴിലാളികളുടെ എണ്ണം തിരുവനന്തു പുരത്ത് 4160-ഉം, എറണാകുളത്ത് 2600-ഉം, കോഴി ക്കോട്ട് 2375-ഉം ആണെന്നാണ് എയ്ഡ്സ് കൺഡ്രോൾ സൊസൈറ്റിയുടെ കണക്ക്.

കുട്ടികളുൾപ്പെടെ എച്ച.ഐ.വി. പോസിറ്റീവായവരുടെ എണ്ണം ഏറ്റവും കൂടുതൽ തിരുവനന്തുപുരത്താണ് (3834), തൃശ്ശൂർ (3426), കോഴിക്കോട് (2953), കോട്ടയം(1788), പാലക്കാട് (1529) എന്നീ ജില്ലകൾ പിറകേയുണ്ട്.

## കൊല്ലുന്ന മായം: ശ്രദ്ധവേണം

ആരോഗ്യവകുപ്പിന്റെ നിസംഗതയും ജനങ്ങളുടെ അറിവില്ലായ്മയും മാരകവിഷങ്ങൾ ചേർന്ന ഭക്ഷ്യവസ്തുക്കളുടെ ഉപയോഗത്തിന് കാരണമാകുന്നു. 1949-ൽ ഇംഗ്ലണ്ടിൽ നിരോധിച്ച മൈദ നമ്മുടെ നിത്യജീവിതത്തിലെ ഭക്ഷണമായി മാറി. തേയില, മഞ്ഞൾപ്പൊടി, എന്തിന് ഉപ്പുപോലും മായം കലർന്നതാണ് ലഭിക്കുന്നത്.

കാൻസറിനെ പ്രതിരോധിക്കുന്ന മഞ്ഞൾ, അവയിൽ കലരുന്ന മായത്താൽ കാൻസറിന് കാരണമാകുന്ന വൈരുദ്ധ്യത്തിന് നമ്മൾ സാക്ഷികളാണ്. ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്ന് കർശനമായ നടപടികൾ ഉണ്ടായെങ്കിൽ മാത്രമേ ഇതിന് പരിഹാരമാകൂ.

നാട്ടിൻപുറങ്ങളിലും എന്തിന് നഗരങ്ങളിൽ പോലും നമ്മുടെ ആവശ്യത്തിന് വേണ്ട പച്ചക്കറികൾ കീടനാശിനിരഹിതമായി ഉത്പാദിപ്പിക്കാൻ കഴിയും. എന്നാൽ മനുഷ്യരുടെ അലസത അവനെ വിഷം കഴിപ്പിക്കാൻ നിർബന്ധിതനാക്കുന്നു.

പുറത്തുനിന്ന് ഭക്ഷണം കഴിക്കുന്നത് നാട്ടിൽ പുറത്തും നഗരത്തിലും ഫാഷനാണ്. പോയി കഴിക്കുന്നതാകട്ടെ നിറത്തിനും മണത്തിനും വേണ്ടിയുള്ള കൃത്രിമ ചേരുവകളും ഇവ ആരോഗ്യത്തിന് വളരെ ഹാനികരമാണ്. സ്വയം തിരിച്ചറിവില്ലാതെ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾക്ക് പരിഹാരമില്ല.

## കരളുരുകുന്ന കേരളം

പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും കേരളത്തെ ദുർബലമാക്കുകയാണ്. ഇവയിൽ ഏറ്റവും വലിയ വെല്ലുവിളിയുയർത്തുന്നത് മദ്യം തന്നെ. മദ്യപന്മാരുടെ എണ്ണത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തിപ്പോൾ കേരളമാണ്. ഇതുവരെ പഞ്ചാബ് ഉയർത്തിപ്പിടിച്ച റെക്കോഡാണ് നമ്മൾ തകർത്തു കളഞ്ഞത്. പഞ്ചാബിൽ ആളോഹരി 7.9 ലിറ്റർ മദ്യമാണ് അകത്താക്കുന്നതെങ്കിൽ കേരളത്തിൽ ഇത് 8.3 ലിറ്ററാണ്. കുടി തുടങ്ങുന്ന പ്രായം കണക്കാക്കിയാലും കേരളത്തിന് പുരോഗതിയുണ്ട്. 13 വയസ്സുമുതൽ എല്ലാ പ്രായത്തിലും മദ്യത്തിന് സേവകരുണ്ട്. വർഷം 7,500 കോടിയുടെ മദ്യവില്പന രേഖപ്പെടുത്തിയപ്പോൾ ബിവറേജസ് കോർപ്പറേഷനുപോലും കണ്ണുതള്ളി.

ആറുലക്ഷം കെയ്സ് മദ്യമാണെത്രെ കഴിഞ്ഞവർഷം വിറ്റത്. 600 ബാറും മുന്നൂറിലധികം സർക്കാറിന്റെ മദ്യഷാപ്പുള്ള കേരളത്തിന്റെ ഖജനാവ് 40 ശതമാനം നിറയുന്നത് മദ്യ വില്പനയിലൂടെയാണ്. എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ ഇതുവഴി ഓരോവർഷം 16 ശതമാനത്തോളം വർധനയുണ്ടാകുന്നു.

എന്നാൽ, മദ്യപാനമൂലം ജനങ്ങളിലുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കാൻ ഇതിന്റെ പത്തിരട്ടി ചെലവാക്കുന്നു. സർക്കാർതന്നെ യഥേഷ്ടം മദ്യം വിൽക്കുകയും അനുസരണയുള്ള പുരുഷന്മാർ കഷ്ടപ്പെട്ട് ക്യൂ നിന്ന് അത് വാങ്ങിക്കുടിച്ച്

രോഗികളായി മരിക്കുകയും ചെയ്യുന്ന കാഴ്ച പരിതാപകരമാണ്. ഒമ്പതു വർഷത്തിനിടെ മദ്യപാനംമൂലം കരൾ രോഗം ബാധിച്ച് മരിച്ചവരുടെ എണ്ണം നാലുമടങ്ങ് വർധിച്ചു.

ഹൃദ്രോഗവും ശ്വാസകോശരോഗങ്ങളുമാണ് കേരളത്തിൽ മരണത്തിന്റെ മൊത്തക്കച്ചവടക്കാരിൽ മുമ്പന്മാർ. പത്തുവർഷത്തിനിടെ ഹൃദ്രോഗംകാരണമുള്ള മരണങ്ങളിൽ 57 ശതമാനവും ശ്വാസകോശരോഗങ്ങൾമൂലമുള്ള മരണങ്ങളിൽ 96 ശതമാനവുമാണ് വർധന. സ്താനാർബുദം ഒരു പതിറ്റാണ്ടിൽ അഞ്ചു ശതമാനം വർധിച്ചു.

ഓരോവർഷവും പുതുതായി 35,000ത്തോളം അർബുദ കേസുകളുണ്ടാവുന്നു. പ്രമേഹം, രക്താതിസമ്മർദം, വൃക്കരോഗം, കുട്ടികളിലെ പൊണ്ണത്തടി തുടങ്ങിയവയൊക്കെ ആരോഗ്യമേഖലയിൽ കടുത്ത ഭീഷണിയുയർത്തി കുതിക്കുന്നു. സർക്കാരിന്റെ ബോധവത്കരണ പ്രവർത്തനങ്ങളുടെ പോരായ്മകളാണ് ഇതൊക്കെ ഓർമ്മിപ്പിക്കുന്നത്.

## കേരളം ഭീകരന്മാരുടെ സ്വന്തംനാട്; പൊലീസിൽ ഭീകരവിളയാട്ടം

സേനയിലെ ഭീകരസാന്നിധ്യം വ്യാപകമായത് സർക്കാരിനേയും ഭരണമുന്നണിയേയും മുസ്ലീം ലീഗ് റാഞ്ചിയതോടെയെന്ന് പൊലീസ് ഉന്നതങ്ങൾ. ഭീകരവാദത്തിന്റെ ശക്തികൾ കൈനിലകൾ ശക്തിപ്പെടുത്താൻ ലോകമെങ്ങും ശ്രമിക്കുകയാണ്. മതമൗലികവാദം ആ ശ്രമങ്ങൾക്ക് അതിരു നിൽക്കുന്നു. ഈ വെല്ലുവിളിക്കു മുമ്പിൽ ജനങ്ങളുടെയും നാടിന്റെയും താൽപര്യങ്ങൾ അപകടപ്പെടാതെ സംരക്ഷിക്കേണ്ടത്. സുരക്ഷാ വിഭാഗങ്ങളുടെ കടമയാണ്. എന്നാൽ അവയിലും നുഴഞ്ഞു കയറാൻ മതമൗലിക വാദ ഭീകര ശക്തികൾക്കു കഴിയുന്നു. കാര്യക്ഷമതയ്ക്കും ദേശ സ്നേഹത്തിനും പേരുകേട്ട കേരളാ പൊലീസിലും അവർ പിടിമുറുക്കാൻ ശ്രമിക്കുകയാണ്.

## കൂടെ കൊണ്ടുപോകാൻ കഴിയുന്നത്...........

മിക്കവാറും മനുഷ്യർ കരുതുന്നത് ഭൗതികസമ്പത്ത് ധാരാളം കുന്നുകൂട്ടിയാൽ സന്തോഷവും സമാധാനവും വർധിക്കും എന്നാണ്. അതിനാൽ തന്നെ പലരും അതുണ്ടാക്കാനുള്ള പരക്കംപാച്ചിലിലാണ്. പണസമ്പാദനത്തിനായി എന്ത് ചതിപ്രയോഗം നടത്തുവാനും മനുഷ്യന് മടിയില്ലാതായിരിക്കുന്നു. മരുഭൂമിയിൽ ഉഴലുന്ന ഒട്ടക മരീചിക കണ്ട് അതിന്റെ പിന്നാലെ പ്രതീക്ഷയോടെ പാഞ്ഞടുക്കുന്നു. അടുത്തു ചെല്ലുമ്പോൾ ഒന്നുമില്ല. കടുത്ത നിരാശ, ദാഹവും ക്ഷീണവും വർധിച്ചത് മാത്രം മിച്ചം. സമ്പത്തിന്റെയും ഭൗതിക നേട്ടങ്ങളുടെയും പിന്നാലെ പരക്കം പായുന്നവരുടെയും അനുഭവം ഇങ്ങനെ തന്നെയാണ്. അതുകൊണ്ടാണ് ഭൂമിയിൽ നിങ്ങൾ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്ന് മോഷ്ടിക്കും. എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയുമില്ല.

ആർത്തുപിടിച്ചു പായുന്നവരിൽ മലയാളികളെപ്പോലെ ലോകത്തിൽ വേറെ ആരും ഉണ്ടാകില്ല. എല്ലാം പെട്ടെന്ന് കിട്ടണമെന്നാണ് നമ്മുടെ ആഗ്രഹം. പത്തിട്ടാൽ നൂറു കിട്ടണം. അതും കണ്ണടച്ച് തുറക്കുമ്പോൾ തന്നെ. സർവത്ര തട്ടിപ്പുകളിലും പണം നിക്ഷേപിച്ച് അതിൽ നിന്ന് അറുപതും നൂറും മേനി വിളവും പ്രതീക്ഷിച്ച് സ്വപ്നംകണ്ട് ആകാശക്കോട്ടകളും കെട്ടി നമ്മൾ ദിവസങ്ങൾ തള്ളിനീക്കുന്നു. നമ്മിലെ അനന്തമില്ലാത്ത ആർത്തിയുടെ വികൃതമുഖമാണ് ഇവിടെ കാണുവാൻ കഴിയുന്നത്.

ജീവിതസുഖങ്ങളോടുള്ള അത്യാഗ്രഹത്താൽ പ്രേരിതരായി അതിന്റെ പരിധിക്ക് അപ്പുറം കടന്നാൽ, നമ്മുടെ ആവശ്യങ്ങൾക്ക് അറുതിയില്ലാത്തതിനാൽ നമ്മുടെ നീക്കങ്ങളെ നിയന്ത്രിക്കാൻ നമുക്ക് കഴിയാതെ വരുന്നു. അമിതമായ ലൗകിക സമ്പാദ്യങ്ങൾ രോഗാണുക്കളെപ്പോലെ ഉപദ്രവകാരികളായതിനാൽ നാം സൂക്ഷമതയുള്ളവരായിരിക്കണം. അത്യാഗ്രഹം വിഗ്രഹാരാധനതന്നെയെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു.

മുൾച്ചെടികളും കളകളും മുളപ്പിക്കുന്ന ഭൂമിയിലെ സമ്പത്തിന്റെ പിന്നാലെയുള്ള പരക്കം പാച്ചിൽ നമുക്ക് അവസാനിപ്പിക്കാം. അധമമായ അത്യാഗ്രഹങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് നമുക്ക് സ്വർഗ സൗഭാഗ്യമെന്ന വിലയേറിയപുസ്തകം കരസ്ഥമാക്കാം.

## വ്യാജ മരുന്നുകളുടെ വിതരണവും പൊടിപൊടിക്കുന്നു.

വ്യാജമരുന്നുകളുടെ വിതരണവും വിപണനവും സംസ്ഥാനത്ത് പൊടിപൊടിക്കുന്നു. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ഇൻസുലിൻ മുതൽ പനിക്ക് നൽകുന്ന പാരസെറ്റമോൾ ഗുളികവരെ നിലവാരം കുറഞ്ഞതാണ്. നോവാ, ലില്ലി തുടങ്ങിയ കമ്പനികളുടെ ഇൻസുലിൻ മരുന്നുകളാണ് മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നത് ബംഗലൂരു ആസ്ഥാനമായ ബയോക്കോൺ എന്ന കമ്പനികളുടെ പ്ലെയിൻ, ലെൻഡേൻ ഇൻസുലിനുകളാണ്. ഗുണനിലവാരത്തിലെ കുറവും പാർശ്വഫലങ്ങളുടെ ആധിക്യവും കാരണവും ബയോകോൺ കമ്പനിയുടെ മരുന്നുകൾ ഭൂരിഭാഗം സംസ്ഥാനങ്ങളിൽ നിരോധിച്ചു. ഇതിനിടെയാണ് കേരളത്തിൽ ഈ കമ്പനിയുടെ വിളയാട്ടം.

നിലവാരമില്ലാത്ത ഇൻസുലിന്റെ ദീർഘകാലം ഉപയോഗം വൃക്ക സംബന്ധമായ രോഗങ്ങൾക്ക് കാരണമാകുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതും പെയിംഗ് കൗണ്ടറുകൾ വഴി വിൽക്കുന്നതുമായ മരുന്നുകളിൽ പകുതിയിലേറെയും വ്യാജമരുന്നുകളാണെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. ജർമ്മനിയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതും തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്നതുമായ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മരുന്നുകളാണ് നിലവാരമുള്ളത്.

നിലവാരംകുറഞ്ഞ മരുന്നുകൾ വാങ്ങാൻ രോഗികളെ പ്രേരിപ്പിക്കുന്നതിൽ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരും പിന്നിലല്ല. പനി ബാധിക്കുമ്പോൾ നൽകുന്ന പാരസെറ്റമോൾ ഗുളികകൾ മുതൽ അതിശക്തമായ ആന്റിബയോട്ടിക്കുകളായ സിപ്രോഫ ളോക്സാസിൻ, അമോക്സസിലിൻ, ക്ലാവം, ടാസോബാക്ടം തുടങ്ങിയ മരുന്നുകളെല്ലാം തന്നെ നിലവാരം കുറഞ്ഞ മരുന്നുകളെന്ന് ആരോഗ്യവകുപ്പിലെ ഒരു വിഭാഗം ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു.

നിലവാരം കുറഞ്ഞ മരുന്നുകൾ വിൽക്കുമ്പോൾ രോഗികൾ നൽകുന്ന വിലയുടെ പകുതിയിലേറെ തുക ലാഭമായി ലഭിക്കുന്നതാണ് ഈ മരുന്നുകൾ കൂടുതലായി വാങ്ങാൻ സർക്കാരിന്റെ ഒത്താശയോടെ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ അധികൃതർക്ക് പ്രോത്സാഹനമാകുന്നത്. തമിഴ്നാട്, ഗുജറാത്ത്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വ്യാജ മരുന്നുകളുടെ കമ്പോള പറുദീസയായി കേരളം മാറിയെന്നതും ഏവരെയും ഞെട്ടിപ്പിക്കുന്നു.

## അധികയോഗ്യതയും അയോഗ്യതയുമാകുന്ന മതം

പഴയ ജാതിസമ്പ്രദായത്തിലേക്ക് കേരളം തിരിച്ചുപോയ്ക്കൊണ്ടിരിക്കുകയാണോ? ഇപ്പോഴത്തെ രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഫലമായി ഏറ്റവും ചർച്ചചെയ്യപ്പെട്ട വിഷയമായിരുന്നു മതം. സംസ്ഥാനത്ത് ഭൂരിപക്ഷ-ന്യൂനപക്ഷ വിഭാഗങ്ങളെ അകറ്റിയിട്ടാണെങ്കിലും വോട്ടുകിട്ടിയാൽ മതിയെന്ന നയമാണ് ചില രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളിൽ ജാതിചിന്ത ആളിക്കത്തിച്ച് മുതലെടുപ്പ് നടത്താനുള്ള ശ്രമത്തിലാണ് പല രാഷ്ട്രീയ പാർട്ടികളും.

ആത്മീയതയും വർഗീയതയും എതിർ ധ്രുവങ്ങളിൽ നില്ക്കുന്ന ഘടകങ്ങളാണ്. മതത്തിന്റെ പേരിൽ ചേരിതിരിവുകൾ സൃഷ്ടിച്ച് വോട്ടുനേടാൻ ശ്രമിക്കുന്നവർ വിശ്വാസികളോടുള്ള സ്നേഹം കൊണ്ടല്ല അങ്ങനെ ചെയ്യുന്നതെന്ന് തിരിച്ചറിയണം. കേരളം വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത് എല്ലാമതവിഭാഗങ്ങളിലുംപെട്ടവർ ഒന്നിച്ചുനിന്നതിനാലാണ്. സംരംഭങ്ങളിൽ പലതിനും വൈദീകർ നേതൃത്വം നൽകിയെങ്കിലും എല്ലാവിഭാഗത്തിലുള്ളവരും ഏകമനസ്സോടെ അധ്വാനിച്ചതുമൂലമാണ് ലക്ഷ്യത്തിലെത്തയത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന കാലത്തുപോലും യോജിച്ചു നിന്നു പ്രവർത്തിച്ചവർ, അറിവ്, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഏറെ വളർന്നപ്പോൾ വർഗ്ഗീയമായി ചിന്തിക്കാൻ തുടങ്ങിയാൽ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിന്റെ അടുത്തെങ്ങും എത്തിയില്ലെന്നല്ലേ അത് തെളിയിക്കുന്നത്?

## രൂപയ്ക്ക് വില ഇടിയുന്നു; രൂപ കൊടുത്തു വാങ്ങേണ്ടതിനെല്ലാം വില കയറും

കോടിക്കണക്കിന് ഇന്ത്യക്കാരുടെ കുടുംബ ബജറ്റിൽ തീകോരിയിട്ട് രൂപയുടെ മൂല്യം വീണ്ടും താഴേക്ക്. വിദേശനാണ്യ വിപണിയിൽ ഡോളറിനെതിരെ ഇന്ത്യൻ രൂപയ്ക്ക് 26 പൈസ കൂടി വിലകുറഞ്ഞതോടെ നാലുമാസത്തെ ഏറ്റവും താഴ്ന്ന നിരക്കായ 53.22 എന്ന നിലയിലായിരുന്നു രൂപയുടെ മൂല്യം.

രൂപയുടെ വില താഴേക്കു കുതിക്കുന്നതോടെ ഇന്ധനവില ഇനിയും വർധിപ്പിക്കാനാണു സാധ്യത. ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ വിലയും കൂടിയേക്കും. ഓഹരി വിപണിയിൽ വാഹന മേഖലയ്ക്കുണ്ടായ തിരിച്ചടിയും ശ്രദ്ധേയമാണ്. ഓഹരി വിപണിയിലെ തകർച്ചയോടെ രൂപയുടെ പ്രതിസന്ധിക്ക് ആക്കം കൂടി. വിദേശ നിക്ഷേപക സ്ഥാപനങ്ങൾ വൻതോതിൽ ഓഹരി വിറ്റഴിക്കുന്നതോടെ ഡോളറിന്റെ ലഭ്യത കുറയുകയും രൂപയുടെ ലഭ്യത ഉയരുകയുമാണ്. ഇത് ഡോളറിന്റെ ഡിമാന്റ് ഉയർത്തും. എണ്ണ ഇറക്കുമതി കമ്പനികളും വിദേശ ബാങ്കുകളുമാണ് ഡോളർ പ്രധാനമായും വാങ്ങിക്കൂട്ടുന്നത്.

## ദാരിദ്ര്യത്തിന്റെ കാരണം സ്വാർത്ഥത: മാർപാപ്പ

പല സ്ഥലങ്ങളിലും നടമാടുന്ന സാമ്പത്തിക പ്രതിസന്ധികളുടെയും ദാരിദ്ര്യത്തിന്റെയും കാരണം സ്വാർത്ഥതയാണെന്ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ. നീതിയും സഹവർത്തിത്വവും വളർത്തുന്നതിലൂടെ മാത്രമേ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കൂ. റോമിന്റെ മേയറോടും ഉദ്യോഗസ്ഥരോടും സംസാരിക്കുകയായിരുന്നു പരിശുദ്ധ പിതാവ്.

സാമ്പത്തിക പ്രതിസന്ധി നേരിടാൻ പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുന്ന സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ജനങ്ങളോട് മൂല്യങ്ങളെക്കുറിച്ചാണ് മാർപാപ്പ സംസാരിച്ചത്. പദ്ധതികൾക്കും ടെക്നിക്കുകൾക്കും ഉപരിയായി പങ്കുവയ്ക്കു

വാനും സ്നേഹിക്കുവാനും സാധിക്കുന്ന മനസ് രൂപപ്പെടുകയാണെങ്കിൽ ലോകത്തിലെ ദാരിദ്ര്യം അവസാനിക്കും; മാർപാപ്പ പറഞ്ഞു.

വർഷാദ്യം ബനഡിക്ട് പതിനാറാമൻ രാഷ്ട്രീയ നേതാക്കന്മാരെയും സാമ്പത്തിക ശാസ്ത്രജ്ഞരെയും കൂട്ടി സാമൂഹിക പ്രശനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാറുള്ളത് പതിവാണ്. സ്വന്തം ലോകത്ത് ഒതുങ്ങിക്കടുവാനുള്ള പരിശ്രമങ്ങളാണ് മിക്കവരും നടത്തിക്കൊണ്ടിരിക്കുന്നത്. ത്യാഗം സഹിക്കുവാനും പങ്കുവയ്ക്കുവാനും തയാറായെങ്കിൽ മാത്രമെ ദാരിദ്ര്യം അനുഭവിക്കുന്നവരെ സഹായിക്കാൻ സാധിക്കൂ എന്ന് മാർപാപ്പ പറഞ്ഞു.

## അടിമവേല ചെയ്യുന്ന 400 മില്ല്യൺ കുഞ്ഞുങ്ങൾ

ലോകമെമ്പാടും 400 മില്ല്യൺ കുഞ്ഞുങ്ങൾ അടിമവേല ചെയ്യുന്നുണ്ടെന്ന് ഔദ്യോഗിക രേഖകൾ. സ്പാനിഷ് കോൺഫഡറേഷൻ ഓഫ് റിലിജിയസ് ആണ് സർവേഫലം പുറത്തുവിട്ടിരിക്കുന്നത്. ഉപകരണങ്ങൾ ഉൽപാദപ്പിക്കുന്ന സ്ഥലങ്ങളിലും ഖനികളിലുമാണ് ഇവരിലേറയും ജോലി ചെയ്യുന്നത്. ഇന്ത്യയും അഫ്ഗാനിസ്ഥാനും ഇക്കാര്യത്തിൽ മുമ്പിലാണ്. ബ്രിസീലിൽ കാർ നിർമ്മാണ കമ്പനികളിലും മ്യാൻമാറിൽ കരിമ്പിൻ തോട്ടങ്ങളിലും ചൈനയിൽ പടക്കനിർമ്മാണ കമ്പിനികളിലും ആയിരക്കണക്കിന് കുഞ്ഞുങ്ങൾ അടിമവേല ചെയ്യുന്നു. അപകടകരമായ സഹചര്യങ്ങളിൽ ജോലി ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ ഏറ്റവും അധികമുള്ളത് ആഫ്രിക്കയലാണ്. അപകടമരണമുണ്ടായാൽ കേസുകൾ എളുപ്പം ഒതുക്കിത്തീർക്കാനാകുമെന്നുള്ളതാണ് കുഞ്ഞുങ്ങളെ ജോലിക്കായി നിയോഗിക്കാനുള്ള കാരണം.

## രക്തബാങ്കുകൾ അടഞ്ഞുകിടക്കുന്നു; രക്തത്തിന് കടുത്ത ദൗർലഭ്യം

രക്തബാങ്കുകളിൽ രക്തം കുറവാണെന്നതിന് പറമേ പലയിടങ്ങളിലും ചിലപ്പോൾ രക്തബാങ്ക് തുറന്ന് പ്രവർത്തിക്കുന്നുമില്ല.

കഴിഞ്ഞമൂന്നുമാസമായി രക്തദാനക്യാമ്പുകൾ വഴിയുള്ള രക്തശേഖരണം പകുതിയായി കുറഞ്ഞു. ജീവനക്കാരില്ലാത്തതുമൂലം രക്തബാങ്കുകൾ അടച്ചിടാനും തുടങ്ങിയതോടെ അത്യാവശ്യാക്കാർ രക്തത്തിനായി നെട്ടോട്ടമോടുകയാണ്.

പല രക്തബാങ്കുകളും ഉച്ചവരെയോ ഉച്ചയ്ക്ക് ശേഷമോ മാത്രമാണ് പ്രവർത്തിക്കുന്നത്. ഞായറാഴ്ചകളിൽ തീർത്തും പൂട്ടിയിടുന്നവയുമുണ്ട്. സംസ്ഥാനത്ത് 120-ഓളം രക്തദാനക്യാമ്പുകൾ സംഘടിപ്പിക്കാറുള്ളിടത്ത് ഇപ്പോൾ നടക്കുന്നത് എഴുപതോളം മാത്രം. ഏത് രക്തം ഏത് അളവിൽ ആവശ്യമുണ്ടെന്ന് ശാസ്ത്രീയമായ പഠനം നടത്തി രക്ത ശേഖരണം നടത്താൻ രക്തബാങ്കുകൾ മുൻകൈയെടുക്കാത്തതാണ് രക്തം ആവശ്യത്തിന് കിട്ടാത്തതിന്റെ പ്രധാന കാരണം.

നഗരപ്രാന്തങ്ങളിലും ഗ്രാമപ്രദേശങ്ങളിലും രക്തം ലഭ്യമാക്കാനാണ് താലൂക്ക് തലത്തിൽ രക്ത സംഭരണകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഇവയിൽ മിക്കവയും പ്രവർത്തിക്കുന്നില്ല.

## മരിച്ച ആൾ എഴുന്നേറ്റു, മരണവീട്ടിൽ ഉത്സവം

മരിച്ച ആൾ ജീവനോടെ എഴുന്നേറ്റപ്പോൾ മരണവീട്ടിൽ പിന്നീട് നടന്നത് ആഘോഷം. തെക്കൻ ഈജിപ്തിലാണ് സിനിമാക്കഥയെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള മരണവും പുനർജനനവും നടന്നത്.

ഹംദി ഹഫിസ് അൽ നൂബി എന്ന 28 കാരനായ ഹോട്ടൽ വെയ്റ്റർ തന്റെ ജോലി സ്ഥലത്ത് വച്ച് കുഴഞ്ഞുവീണു. ആശുപത്രിയിൽ എത്തിച്ചപ്പോൾ ഹൃദയാഘാതം മൂലമാണ് മരണമെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചു. ദു:ഖിതരായ സുഹൃത്തുക്കൾ മരണാനന്തര ചടങ്ങുകൾക്കായി അൽ നൂബിയുടെ മൃതദേഹം ലക്സറിലെ നഗരത്തിലെ അൽസിമ്മിനിലെ വീട്ടിലെത്തിച്ചു. മതാചാര പ്രകാരം സംസ്കാരം നടത്തവെ മരണ സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നതിനായി ഡോക്ടർ അവിടെയെത്തി. മൃതദേഹത്തെ തൊട്ടു നോക്കിയ ഡോക്ടറിന് ഒരു സംശയം. നൂബിയുടെ ശരീരത്തിൽ ചൂടില്ലേയെന്ന്.

തുടർന്ന് വിശദമായ പരിശോധനയിൽ നൂബി മരിച്ചിട്ടില്ലെന്ന് കണ്ടെത്തി. ഇത് കേട്ടതും കൂട്ടക്കരച്ചിൽ നടന്ന വീട്ടിൽ ആഹ്ലാദമായി. അതുവരെ കരഞ്ഞു കൊണ്ടിരുന്ന നൂബിയുടെ അമ്മ ആ വിവരം അറിഞ്ഞതും വെട്ടിയിട്ട വാഴ പോലെ ബോധരഹിതയായി. ഡോക്ടർ അടുത്ത് തന്നെ ഉണ്ടായിരുന്നതിനാൽ അല്പനേരത്തിന് ശേഷം അമ്മയ്ക്ക് ബോധം തിരിച്ചു കിട്ടി. പിന്നെ അവിടെ നടന്നത് ആട്ടവും പാട്ടുമായിരുന്നു.

## 211 പൊലീസ് ഓഫീസർമാർക്ക് ക്വട്ടേഷൻ-മാഫിയ ബന്ധം.



സംസ്ഥാന പൊലീസിൽ ക്രമസമാധാന പാലന രംഗത്തുള്ള 211 ഓഫീസർമാർക്ക് ക്വട്ടേഷൻ സംഘങ്ങളുമായും മണൽ-വനം മാഫിയകളുമായും ബന്ധമുണ്ടെന്ന് കണ്ടെത്തി. പൊലീസിലെ ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തൊട്ടാകെ നടത്തിയ രഹസ്യാന്വേഷണത്തിലാണ് ഞെട്ടിക്കുന്ന ഈ വിവരം

ശേഖരിച്ചത്. എസ്.ഐ മുതൽ എസ്.പി തലംവരെയുള്ളവരെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തി. എസ്.പി മാർ-മൂന്ന്. ഡിവൈ.എസ്.പി മാർ-48. സി.ഐമാർ-58. എസ്.ഐമാർ-102 എന്നിങ്ങനെയാണ് ക്വട്ടേഷൻ-മാഫിയ ബന്ധമുള്ള കേരള പൊലീസിലെ ഓഫീസർമാരുടെ എണ്ണം.

### ഇവർ വിവാഹിതരായാൽ ............
### ഈ വർഷം നാലു മാസത്തിനുള്ളിൽ ഇടുക്കി വിവാഹമോചനം തേടിയവരുടെ എണ്ണം ഇരുനൂറ് കവിഞ്ഞു.

സംശയവും ഈഗോപ്രശ്നങ്ങളും വില്ലനാകുമ്പോൾ ഹൈറേഞ്ചിൽ വിവാഹമോചനം തേടുന്നവരുടെ എണ്ണം കുതിച്ചുയരുന്നു. പരസ്പര വിശ്വാസമില്ലായ്മയും മൊബൈൽ ഫോണുകളുമാണ് പലരുടെയും ബന്ധത്തിൽ വില്ലനാകുന്നത്. കഴിഞ്ഞ വർഷം വിവാഹ മോചനവുമായി ബന്ധപ്പെട്ട് 664 കേസുകൾ ജില്ലാ കുടുംബ കോടതിയിൽ ഫയൽ ചെയ്തപ്പോൾ ഈ വർഷം നാലു മാസത്തിനുള്ളിൽ തന്നെ 200-ൽ പ്പരം കേസുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. 2010-ൽ 564ഉം 2009-ൽ 390 ഉം 2008-ൽ 366 ഉം വിവാഹ മോചന കേസുകൾ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഹൈറേഞ്ചിൽ വർധിച്ചു വരുന്ന വിവാഹ മോചനത്തിൽ വില്ലനാകുന്നത് പരസ്പര വിശ്വാസമില്ലായ്മയാണ്. പ്രണയിച്ചു വിവാഹം കഴിച്ച ശേഷം വിവാഹ മോചനത്തിനായി കുടുംബ കോടതിയെ സമീപിക്കുന്നവരുടെ എണ്ണവും വർധിച്ചു വരുന്നു. പിണക്കങ്ങൾ പൊരുത്തക്കേടുകളിലേക്കും കുടുംബ വഴക്കുകളിലേക്കും പിന്നീട് വഴി പിരിയലിലേക്കും എത്തുകയാണ് ചെയ്യുന്നത്. ഭർത്താക്കൻമാരുടെ അമിതമായ മദ്യപാനവും ശാരീരിക പീഡനങ്ങളും മൂലം ബന്ധം വേർപെടുത്തുന്നവരും കുറവല്ല.

### നികുതി വെട്ടിപ്പ്

സ്കൂൾ വിപണി ഉണർന്നതോടെ നികുതി വെട്ടിച്ച് അതിർത്തി കടന്നെത്തുന്നത് ലക്ഷങ്ങളുടെ നോട്ടുബുക്കുകളും റെഡിമെയിഡ് വസ്ത്രങ്ങളും. അറിവിന്റെ ആദ്യക്ഷരം നുകരാനെത്തുന്ന കുരുന്നുകൾക്കായി അതിർത്തി കടന്നെത്തുന്നത് നികുതി വെട്ടിപ്പിന്റെ മണമുള്ള ഉൽപ്പന്നങ്ങൾ. സ്കൂൾ വിപണി ഉണർന്നതോടെ വാണിജ്യ നികുതി വകുപ്പിനെ നോക്കുകുത്തികളാക്കി നോട്ടുബുക്കുകളും റെഡി മെയിഡ് വസ്ത്രങ്ങളും അതിർത്തി കടന്നെത്തുമ്പോൾ തടയാൻ മറന്ന് അധികൃതർ കള്ളക്കടത്തുകാർക്ക് ഒത്താശ ചെയ്യുന്നു. അതിർത്തിക്കപ്പുറം ബസ് സ്റ്റാൻഡ് വരെ എത്തിക്കുന്ന ചരക്ക് നികുതി വെട്ടിച്ച് ചെറു കെട്ടുകളാക്കി കാറുകളിൽ കയറ്റി പല തവണയായി ചെക്പോസ്റ്റുകൾ കടത്തുകയാണ് സംഘം.

ചെക്പോസ്റ്റിലെ ജീവനക്കാർക്ക് ഇത് അറിവുള്ളതാണെന്ന് നാട്ടുകാരുടെ ആരോപണം. അധ്യായന വർഷം ആരംഭിക്കാറായപ്പോഴും ലക്ഷക്കണക്കിനു രൂപയുടെ ബുക്കുകളാണ് അതിർത്തിക്കപ്പുറം കടത്തി ഗോഡൗണുകളിൽ സംഭരിക്കുന്നത്. ഹൈറേഞ്ച് മേഖലകളിൽ വിദ്യാർഥികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ തമിഴ്നാട്ടിൽ നിന്നാണ് എത്തുന്നത് നിയമാനുസരണ നികുതി അടച്ച് കൊണ്ടുവരുമ്പോൾ ഈടാക്കാവുന്ന അതേ വിലയാണ് കള്ളക്കടത്തായി എത്തിക്കുന്ന ചരക്കുകൾക്കും ഈടാക്കുന്നത്. റെഡിമെയ്ഡ് വസ്ത്രങ്ങക്കും നോട്ടുബുക്കുകൾക്കും അഞ്ചു ശതമാനമാണ് നികുതി. കൊള്ള ലാഭം കൊയ്യുകയെന്നതാണ് കള്ളക്കടത്തിന്റെ ലക്ഷ്യം. ബംഗളൂരു, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ നിന്നാണ് റെഡിമെയ്ഡ് വസ്ത്രങ്ങൾ എത്തുന്നത്. ലക്ഷങ്ങളുടെ നികുതി വരുമാനമാണ് സംസ്ഥാന സർക്കാരിനു നഷ്ടമാകുന്നത്. വാണിജ്യ നികുതി ചെക് പോസ്റ്റ് നോക്കുകുത്തിയാക്കി നടത്തുന്ന കള്ളക്കടത്ത് തടയാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യമുയർന്നിരിക്കുന്നത്.

### ജില്ലയിൽ അനധികൃത റെന്റ് എ കാറുകൾ വ്യാപകം

ജില്ലയിലെ റെന്റ് എ കാർ സ്ഥാപനങ്ങളുടെ വിവരങ്ങൾ പോലീസ് ശേഖരിക്കുന്നു. ഓഞ്ചിയം കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനതലത്തിൽ ഡി.ജി.പി നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണിത്. കൊച്ചി നഗരത്തിലും കിഴക്കൻ മേഖലയിലും വ്യാപകമായ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പ്രത്യേക രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ഇവ എത്രയെണ്ണമുണ്ടെന്ന് അധികൃതർക്ക് അറിയില്ല. പരക്കെ കൊട്ടേഷൻ സംഘങ്ങൾക്കും തുണയാകുന്നതും ഇത്തരം സ്ഥാപനങ്ങളാണെന്നു കണ്ടെത്തിയിട്ടും നടപടിയൊന്നുമില്ല. റെന്റ് എ കാർ വാടകക്ക് എടുത്ത് കൊലയോ മറ്റു കുറ്റകൃത്യങ്ങളോ നടന്നാൽ മാത്രം അതിന്റെ ഉടമയെ തേടിപോകുന്ന ദയനീയ സ്ഥിതിയിലാണു പോലീസ്. മോട്ടോർ വാഹന നിയമ പ്രകാരം സംസ്ഥാന ട്രാൻസ്പോർട്ട് അഥോർട്ടിയിൽ ഇത്തരം സ്ഥാപനം രജിസ്റ്റർ ചെയ്തിരിക്കണം. കുറഞ്ഞത് അമ്പത് ടാക്സി കാർ സ്വന്തമായി ഉണ്ടായിരിക്കണം. അതിൽ 25 കാറുകൾ എ.സി. ആയിരിക്കണം. 15 വർഷത്തെ ടാക്സി പെർമിറ്റ് എടുക്കണം. കറുത്ത ബോർഡിൽ മഞ്ഞ നിറത്തിലാകണം നമ്പർ. സംസ്ഥാനത്തെ പ്രധാന അഞ്ചുനഗരങ്ങളിൽ ഈ സ്ഥാപനത്തിന് ഓഫീസ് വേണം. അവിടെ കുറഞ്ഞത് അഞ്ചു കാറുകൾ വീതം വേണം. എല്ലാ സ്ഥലത്തും പാർക്കിംഗ് സൗകര്യവും മറ്റും ഉണ്ടാകണം. ഇതൊക്കെയാണ് നിയമ വ്യവസ്ഥകൾ ഈ വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്തതാണ് ആരും നിയമാനുസൃതമായി റെന്റ് എ കാർ ബിസിനസ് നടത്താത്തത്.

**പ്രശസ്ത മാധ്യമ പ്രവർത്തകൻ ശ്രീ. സാബു ജോസ് മാധ്യമ വിചാരത്തിൽ തുറന്നു എഴുതുന്നു.** വാർത്തകൾക്കുപുറമേയുള്ള മാധ്യമവിശേഷങ്ങൾ അദ്ദേഹം എഴുതുന്നു. ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച അദ്ദേഹം സൺഡേശാലോം സ്പെഷ്യൽ കറസ്പോണ്ടന്റും, കെ.സി.ബി.സി പ്രൊ ലൈഫ് സമിതി. പി.ആർ.ഒ യുമാണ്. കാൽ നൂറ്റാണ്ടായി മലയാള മാധ്യമരംഗത്ത് സജീവമായി പ്രവർത്തിക്കുന്നു.

## മാധ്യമ വിചാരം
## വരികൾക്കിടയിൽ വായിക്കുമ്പോൾ

